# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4073** **24.08.2017 ൽ മറുപടിയ്ക്ക്**

## പാൻ ഉൽപന്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഉത്തരേന്ത്യക്കാരെ കടത്തുകാരാക്കി തീവണ്ടിയിൽ വൻതോതിൽ പാൻ ഉൽപന്നങ്ങൾ കേരളത്തിലെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കിലോ പാൻ ഉത്പന്നങ്ങൾ പിടിച്ചുവെന്നും ഇതിന് എത്ര രൂപ വില വരുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ള പാൻ ഉത്പന്നങ്ങളുടെ അളവ് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. ആയതിന് ആകെ 4 കോടിയോളം രൂപ വിലവരുമെന്ന് കണക്കാക്കുന്നു. |

| ജില്ല | പിടിച്ചെടുത്തിട്ടുള്ള പാൻ ഉത്പന്നങ്ങളുടെ അളവ് (കിലോഗ്രാം) |
|---|---|
| തിരുവനന്തപുരം | 4738 |
| കൊല്ലം | 3313 |
| പത്തനംതിട്ട | 307 |
| ആലപ്പുഴ | 1701 |
| കോട്ടയം | 462 |
| ഇടുക്കി | 65 |
| എറണാകുളം | 1664 |
| തൃശ്ശൂർ | 210 |
| പാലക്കാട് | 5372 |
| മലപ്പുറം | 1163 |
| കോഴിക്കോട് | 1134 |
| വയനാട് | 1370 |
| കണ്ണൂർ | 1248 |

| | |
|---|---|
| കാസർഗോഡ് | 2149 |

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാൻ ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന്റെ പേരിൽ എത്ര പേരെ പിടികൂടിയിരുന്നുവെന്നും , ഇവർക്കു കിട്ടിയ ശിക്ഷ എന്തായിരുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാൻ ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന്റെ പേരിൽ എക്സൈസ് വകുപ്പ് പിടികൂടിയിട്ടുള്ള ആളുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. ടി ആളുകളെ കോട്പ നിയമ പ്രകാരം 200 രൂപ വീതം ഓരോരുത്തരിൽ നിന്നും പിഴ ഈടാക്കി വിട്ടയച്ചിട്ടുള്ളതാണ്.

| ജില്ല | പാൻ ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന്റെ പേരിൽ എക്സൈസ് വകുപ്പ് പിടികൂടിയിട്ടുള്ള ആളുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2071 |
| കൊല്ലം | 6298 |
| പത്തനംതിട്ട | 1860 |
| ആലപ്പുഴ | 217 |
| കോട്ടയം | 52 |
| ഇടുക്കി | 305 |
| എറണാകുളം | 1609 |
| തൃശ്ശൂർ | 317 |
| പാലക്കാട് | 2852 |
| മലപ്പുറം | 423 |
| കോഴിക്കോട് | 64 |
| വയനാട് | 202 |
| കണ്ണൂർ | 555 |
| കാസർഗോഡ് | 1703 |

(ഡി) കോറ്റ്പ നിയമം (സിഗരറ്റ് ആന്റ് അതർ ടുബാക്കോ പ്രൊഡക്ട്സ്

(ഡി) കോട്പ നിയമം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ മാത്രമാണ് പാൻ ഉത്പന്നങ്ങൾ നിരോധിച്ചിട്ടുള്ളത്. ആയതിന് 200 രൂപ പിഴ മാത്രമാണ് പ്രസ്തുത

| | | | |
|---|---|---|---|
| | ആക്റ്റ്) ദുർബ്ബലമായതിനാലാണ് പാൻ ഉത്പന്നങ്ങളുടെ കടത്ത് കൂടുന്നതെന്നത് ശരിയാണോ; | | നിയമം പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ പാൻ ഉത്പന്നങ്ങളുടെ കടത്ത് തടയുന്നതിന് കോറ്റ്പ നിയമത്തിൽ നിലവിലുള്ള വ്യവസ്ഥകൾ അപര്യാപ്തമാണ്. |
| (ഇ) | നിയമപ്രകാരം ഇത്തരം കടത്തുകാരെ കസ്റ്റഡിയിലെടുത്ത് വലിയ പിഴ ഈടാക്കാൻ കഴിയില്ലെന്നത് ശരിയാണോ;എങ്കിൽ ഈ നിയമം ഭേദഗതി ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഇ) | കോട്പ നിയമം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ മാത്രമാണ് പാൻ ഉത്പന്നങ്ങൾ നിരോധിച്ചിട്ടുള്ളത്. ആയത് ലംഘിക്കുന്നവർക്ക് 200 രൂപ പിഴ മാത്രമാണ് പ്രസ്തുത നിയമം പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരാണ് ഈ നിയമം ഭേദഗതി ചെയ്യേണ്ടത്. |
| (എഫ്) | 2002 ലെ പുകയില ഉപഭോഗ നിരോധന നിയമത്തിൽ ഇതുവരെ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ ; എങ്കിൽ ആ മാറ്റങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എഫ്) | 20/09/2014 തീയതിയിലെ ജി.ഒ.(പി)നം. 155/2014/റ്റി.ഡി., 27/12/2016 തീയതിയിലെ ജി.ഒ.(പി)നം. 112/2016/റ്റി.ഡി. സർക്കാർ ഉത്തരവുകൾ പ്രകാരം കോട്പ നിയമം 4, 6, 12, 13, 28 വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള റാങ്കിലുള്ള ഓഫീസർമാരെ അധികാരപ്പെടുത്തിയതിന് ശേഷം പ്രസ്തുത വകുപ്പുകളിൽ മാറ്റം ഉണ്ടായിട്ടില്ല. |
| (ജി) | ഇല്ലെങ്കിൽ നിരോധിച്ച പുകയില ഉൽപ്പന്നങ്ങൾ വിറ്റാലും പരമാവധി ശിക്ഷ ഇരുന്നൂറ് രൂപ പിഴ മാത്രം നൽകാൻ അധികാരമുള്ള പ്രസ്തുത നിയമം ഭേദഗതി ചെയ്യാൻ സർക്കാരിന് എന്തു ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ജി) | കേന്ദ്ര സർക്കാരാണ് ഈ നിയമം ഭേദഗതി ചെയ്യേണ്ടത്. |

സെക്ഷൻ ഓഫീസർ